LIBRARY ARCHIVES Kerala Legislative Assembly

വീട്ടമ്മമാർക്ക് 20 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ കൃഷി ഭവനുകൾ മുഖേന സൗജന്യമായി നൽകുന്നു. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗര/ നഗരപ്രാന്ത പ്രദേശങ്ങളിലെ മട്ടുപ്പാവ് കൃഷിക്കായി 25 ഗ്രോബാഗുകൾ അടങ്ങുന്ന ഗ്രോബാഗ് യൂണിറ്റുകൾ 28334 കർഷകർക്ക് കൃഷിക്കായി നൽകുന്നു. 2000 രൂപ വില വരുന്ന ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിലാണ് നൽകുന്നത്. ഗുണഭോക്താക്കൾ 500 രൂപ കൃഷി ഭവനിൽ അടയ്ക്കേണ്ടതാണ്. 28334 ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നതിനായി 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ പുനരുദ്ധരിച്ച് കൃഷി യോഗ്യമാക്കുന്നതിന് വിത്ത്, പച്ചക്കറി തൈകൾ, വളം എന്നിവ നൽകുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവനുകൾ വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും കുറഞ്ഞത് 5 സെന്റ് സ്ഥലം ഉള്ള കർഷകർക്ക് തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ധനസഹായം നൽകിവരുകയും ചെയ്യുന്നു.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ

275 (1716) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലാവധിയാണ് നീട്ടിനൽകിയിട്ടുള്ളത്, വിശദമാക്കാമോ ;

(ഇ) കേന്ദ്ര സർക്കാർ കാലാവധി നീട്ടി നൽകാത്തതുമൂലം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ വരികയെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുട്ടനാട് പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൂട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) കൂട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചത് 300 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 126.4305 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

(ഡി) കൂട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ 2015 മാർച്ച് വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

(ഇ) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്നും ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) കൂട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കൂട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർപദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കൂട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡമുള്ള കേന്ദ്ര പദ്ധതികൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതികൾ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.